• ആലോചനകൾ • വിശകലനങ്ങൾ

# ഘർ വാപസി

## ജാതിയിലേക്കുള്ള മടക്കം

എഡിറ്റർ **ജെ. രഘു**



# ഘർ വാപസി

## ജാതിയിലേക്കുള്ള മടക്കം

എഡിറ്റർ **ജെ.രഘു**

**ഇന്ത്യയുടെ മതേതരത്വത്തിനു വെല്ലുവിളിയാകുന്ന പുനർമതപരിവർത്തനത്തെക്കുറിച്ചുള്ള ജനാധിപത്യപരമായ വിശകലനങ്ങൾ.**

ആനന്ദ്, ത്രിദീപ് സുഹൃദ്, ഗോപാൽ ഗുരു, സുഭാഷിണി അലി, സക്കറിയ, പ്രഫുൽ ബിദ്വായ്, നൈനാൻ കോശി, എം.എൻ. കാരശ്ശേരി, കെ.കെ. കൊച്ച്, ഹമീദ് ചേന്നമംഗലൂർ, സണ്ണി എം. കപിക്കാട്, ജോസ് പീറ്റർ, കെ.എൻ. ഗണേശ്, ഷാജ് മോഹൻ, ഷീബ കെ.എം., ഡോ. അജയ് ശേഖർ, സനൽ മോഹൻ, ജെ. രഘു എന്നിവർ എഴുതുന്നു.

കവർ ഡിസൈൻ: **ബോണി ബാസ്റ്റ്യൻ**

ഡിസിബുക്സ്

www.dcbooks.com

ISBN 978-81-264-5318-4

00001

9 788126 453184

ലേഖനം /രാഷ്ട്രീയം

E-book available

₹ 160

AKSHARAMANDALAM

MALAYALAM LANGUAGE
Khar Vāpasi: Jathiyilekkulla madakkam

ESSAYS/ POLITICS
Editor: J. Raghu

RIGHTS RESERVED

First Published February 2015

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Khar vapasi: jathiyilekkulla madakkam.
192p., 21cm.
ISBN 978-81-264-5318-4.
Editor: J. Reghu
1. Politics. 2. Essays. I. Reghu, J.
320 - dc 22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-5318-4

Printed in India
at D C Press (P) Ltd., Kottayam 686 012

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 160.00

901/14-15-Sl.No.14277-dcb 6056-1000-5851-02-15-Spb 18.1-p rr-r vu-d sk

ഘർ വാപസി: നവഃഹിന്ദുത്വത്തിന്റെ
രാഷ്ട്രീയ അജണ്ട ....................................74
*സണ്ണി എം. കപിക്കാട്*

ഘർ വാപസി: ആരാന്റെ വീട്ടിലേക്ക് തിരിച്ചു
ചെല്ലുമ്പോൾ ....................................83
*ജോസ് പീറ്റർ*

*ഭാഗം രണ്ട്*

*ജാതി മതം നവഹിന്ദുയിസം ഫാസിസം*

മതപരിവർത്തനത്തിന്റെ നാൾവഴികൾ ....................................93
*കെ. എൻ. ഗണേശ്*

മനുഷ്യനെന്ന 'ഭീകരത' ....................................108
*ഷാജ് മോഹൻ*

വീടും തടവും: ഹിന്ദുത്വദേശീയ
പരിസരങ്ങളിലെ സ്ത്രീജീവിതങ്ങൾ ....................................114
*ഷീബ കെ. എം.*

മതപരിവർത്തനത്തിലെ ജാതി: ബുദ്ധന്റെ കാലംമുതൽ
ഘർ വാപസിവരെ ....................................124
*ഡോ. അജയ് ശേഖർ*

ഹനിക്കപ്പെടുന്ന പൗരാവകാശം:
ദലിതരും 'ഹിന്ദു വലതു'പക്ഷവും ....................................141
*സനൽ മോഹൻ*

ഹിന്ദുഫാസിസത്തിന്റെ സംഖ്യാപരമായ
അരക്ഷിതത്വവും 'ഘർ വാപസി'യും ....................................154
*ജെ. രഘു*

*പദസൂചി* ....................................*185*

*എഴുത്തുകാർ* ....................................*189*

# മതപരിവർത്തനത്തിലെ ജാതി: ബുദ്ധന്റെ കാലംമുതൽ ഘർ വാപസിവരെ

**ഡോ. അജയ് ശേഖർ**

*അധികാരത്തിന്റെ ഉറവിടം മതമാണെന്ന് ഇന്ത്യാചരിത്രം വിശദീകരിക്കുന്നു.*

**–അംബേദ്കർ**

*വാമനാദർശം വെടിഞ്ഞിടേണം മാബലിവാഴ്ച്ച വരുത്തിടേണം*

**–സഹോദരനയ്യപ്പൻ (ഓണപ്പാട്ട്)**

*പലമതസാരവുമേകമെന്നു പാരാതുലകിലൊരാനയിലന്ധരെന്നപോലെ*

**–നാരായണഗുരു**

മനുഷ്യരുടെ ജാതി മനുഷ്യത്വമാണെന്ന് കേവലം ഒരു നൂറ്റാണ്ടു മുമ്പു ലോകസമക്ഷം വിളിച്ചുപറയേണ്ടിവന്ന നാരായണഗുരുവിന്റെ നാട്ടിൽ കൊല്ലുന്ന ജാതിയുടെ മതംവിട്ടു പോയവരെ വീണ്ടും പഴയ ജാതിയിലേക്കു തിരിച്ചു കൊണ്ടുവരുന്ന ഹിന്ദുത്വകർമ്മപരിപാടിയായ ഘർ വാപസി 2014–15 കാലത്ത് അനവരതം അരങ്ങേറുകയാണ്. കഴിഞ്ഞ മൂവായിരം കൊല്ലങ്ങളെങ്കിലുമായി ജാതിസമൂഹമായി തുടരുന്ന ഇന്ത്യയിലെ മതപരിവർത്തന രസവാദങ്ങളിൽ ഏറ്റവും മർമ്മപ്രധാനമായ വിഷയം ജാതിതന്നെയാണ്. ഏതു ജാതിയിലേക്കാണ് ഹിന്ദുമതത്തിലേക്കു മാറ്റുന്നവരെ വകയിരുത്തുന്നത് എന്നതാണ് പ്രശ്നം. ജാതിയിൽനിന്നുള്ള വിടുതിയല്ല വർണ്ണാശ്രമധർമ്മപരമായ പഴകിയ ജാതിയിലേക്കുള്ള പിന്മടക്കവും മനുഷ്യത്വത്തിന്റെ ഒടുക്കവുമാണ് ഈ വീട്ടിലേക്കുള്ള മടക്കം എന്നു പൊതുവേ തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു (ഗുരു 2015: 47). ഏതു വീട്ടിലേക്കാണു തങ്ങൾ മടങ്ങേണ്ടതെന്ന് ഗോപാൽ ഗുരുവിനെപ്പോലുള്ള ദലിത് ബുദ്ധിജീവികൾ ഉറക്കെ ചോദിക്കുന്നു. ഇല്ലാത്തതും വഞ്ചനനിറഞ്ഞതുമായ ഒരു കെണിനിലമാണ് വീടെന്ന് അടിസ്ഥാന ജനത തിരിച്ചറിഞ്ഞുതുടങ്ങിയിരിക്കുന്നു. അധിദേശീയതലത്തിൽ ജാതിസ്വരാജ്യമായ ഗ്രാമസ്വരാജ്യത്തിലേക്കും സ്വധർമ്മമായി ഗാന്ധിയും ഗോഡ്സെയും സവർക്കറുമെല്ലാം വാഴ്ത്തിയ ആശ്രമധർമ്മത്തിലേക്കുമുള്ള തിരിച്ചുപോക്കുംകൂടിയാകുന്നു പരിവാരത്തിന്റെ പുതിയ പരിവർത്തനതന്ത്രം (ഗാന്ധി 1962; രഘു 2015). കിരാതവും ദമനാത്മകവുമായ ബ്രാഹ്മണിക ഹിന്ദുമതത്തിന്റെ ഭൗതികവും പ്രതിനിധാനപരവുമായ ഹിംസാത്മകതയായി മതത്തിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന ജാതിയും ജാതിയിലേക്കുള്ള പിന്മടക്കവും ചരിത്രത്തിന്റെ ഇരകളായ അവർണ്ണരെയും ശൂദ്രരെയും സ്ത്രീകളെയും നോക്കി വീണ്ടും കൊലച്ചിരി ചിരിക്കുകയാണ്.

# വീടും തടവും: ഹിന്ദുത്വദേശീയ പരിസരങ്ങളിലെ സ്ത്രീജീവിതങ്ങൾ

**ഷീബ കെ. എം.**

മതങ്ങളുടെ ഉത്ഭവങ്ങളെക്കുറിച്ചും ചരിത്രപരമായി അവ വഹിച്ചു പോന്നിട്ടുള്ള ദൗത്യങ്ങളെക്കുറിച്ചും ധാരാളം എഴുതപ്പെട്ടിട്ടുണ്ട്. കാല കാലങ്ങളിൽ ഉരുത്തിരിഞ്ഞുവന്ന സാമൂഹ്യരൂപങ്ങളുടെ കാവല ളുകളായാണ് വ്യവസ്ഥാപിതമതാചാരങ്ങളും ആരാധനാലയങ്ങളും പുരോഹിതവർഗ്ഗങ്ങളും നിലനിന്നുപോന്നിട്ടുള്ളത്. മനുഷ്യന്റെ വ്യക്തി നിഷ്ഠമായ ആത്മീയാന്വേഷണങ്ങൾ എന്നതിലുപരി ഭൗതികമായ സാമൂഹ്യഘടനകളുടെ ആശയാടിത്തറകളായി മതങ്ങൾ വർത്തിച്ചു.

പ്രാചീന മെസൊപ്പൊട്ടേമിയയിലെ ഭരണാധികാരിയായിരുന്ന ഹമ്മു റാബി തന്റെ ലൈംഗികസദാചാരതത്ത്വങ്ങളടങ്ങിയ ശിലാഫലകങ്ങൾ പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിച്ചിരുന്നു. ഇതേ ഭൂപ്രദേശത്ത് കുറച്ചു കാലങ്ങൾക്കു ശേഷം ഉടലെടുത്ത ക്രിസ്തുമതത്തിന്റെ പഴയ നിയമ ഗ്രന്ഥത്തിൽ ലെവറ്റിക്കസ് എന്ന ഭാഗത്ത് ഹമ്മുറാബിയുടെ ശാസന കളുടെ ശക്തമായ തുടർച്ചകൾ കാണാവുന്നതാണ്. 7–ാം നൂറ്റാണ്ടിൽ ഇസ്ലാംമതം രൂപംകൊണ്ടപ്പോൾ ഗോത്രപാരമ്പര്യങ്ങളിൽ നിന്നും ക്രമീകരിക്കപ്പെട്ട സാമൂഹ്യവ്യവസ്ഥകളിലേക്ക് നയിക്കാൻപോന്ന നിര വധി ജീവിതചര്യകൾ മതഗ്രന്ഥങ്ങളിൽത്തന്നെ ഉൾപ്പെട്ടിരുന്നു. പ്രാചീന ഇന്ത്യയെ സംസ്കൃതസ്രോതസ്സുകൾമാത്രം അടിസ്ഥാനപ്പെടുത്തി വ്യാഖ്യാനിച്ച ഓറിയന്റലിസ്റ്റുകൾ ആത്മീയനിർഭരവും പ്രാർത്ഥനാ നിരതവുമായ ഒരു സംസ്കാരമായി ചിത്രീകരിച്ചു.[1] എന്നാൽ ഈ പ്രാർത്ഥനകൾപോലും പുത്രലബ്ധിക്കുവേണ്ടിയോ ധനാഗമനത്തി നായോ ഉള്ളതായിരുന്നുവെന്ന് ചരിത്രകാരി റോമില ഥാപർ ചൂണ്ടി കാട്ടുകയുണ്ടായി.[2] ചുരുക്കത്തിൽ, മതങ്ങളുടെ സ്ഥാപനവൽക്കരണ ത്തിന്റെ ലക്ഷ്യങ്ങൾ ആത്മീയസൗഖ്യാന്വേഷണങ്ങളെക്കാളേറെ നില നിൽക്കുന്ന സാമൂഹ്യഘടനകൾക്കുതകുന്ന രീതിയിലുള്ള ക്രമീകരണ ങ്ങളൊരുക്കലായിരുന്നു എന്നു വേണം കരുതാൻ.

1 വില്യംജോൺസ്, എച്ച്. റ്റി. കോൾബ്രൂക്ക് തുടങ്ങിയവരും ഏഷ്യാറ്റിക് സൊസൈ റ്റിയുടെ ഗവേഷണങ്ങളും പ്രാചീനഇന്ത്യയുടെ സ്വസ്ഥസുന്ദര ആത്മീയജീവി തത്തെ(ശവ്യഹഹശര) പ്രകീർത്തിക്കുന്നുണ്ട്. പിന്നീടുവന്ന ദേശീയചരിത്രകാരന്മാർ ഓറിയന്റലിസ്റ്റുകളുടെ ഈ ചിത്രീകരണം പ്രാചീന ഇന്ത്യയിലൊരു സുവർണ്ണയുഗം നിർമ്മിച്ചെടുക്കുന്നതിന് ഉപയോഗപ്പെടുത്തി.

2 Romila Thapar, 'Communalism and the Writing of Ancient Indian History' in Romila Thapar, et al. (eds.), Communalism and the Writing of Indian History, New Delhi: People's Publishing House,1987 (1969).